# കേരള സർക്കാർ

സംഗ്രഹം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതർ, അവിവാഹിതരായ അമ്മമാർ എന്നിവർക്കായി **"ശരണ്യ"** എന്ന പേരിൽ സ്വയംതൊഴിൽ സഹായ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തൊഴിലും പുനരധിവാസവും (എച്ച്) വകുപ്പ്

ജി.ഒ.(പി) നമ്പർ.81/2010/തൊഴിൽ തിരുവനന്തപുരം, തീയതി : 24/07/2010

---

പരാമർശം:- എംപ്ലോയ്മെന്റ് ഡയറക്ടറുടെ 21/11/09, 01/06/10, 27/05/10 എന്നീ തീയതികളിലെ എൽ5/33677/09/ഡിഇ, യു1/10110/10/ഡിഇ നമ്പർ കത്തുകളും 22/03/10, 03/06/10 എന്നീ തീയതികളിലെ (യു1)-10110/10/ഡിഇ നമ്പർ അർദ്ധ ഔദ്യോഗിക കത്തുകളും.

## ഉത്തരവ്

2010-11 വർഷത്തെ സംസ്ഥാന ബജറ്റ് പ്രസംഗത്തിൽ [item 9(vii)] കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽ രഹിതരായ വിധവകൾ, ഭർത്താവിനാൽ ഉപേക്ഷിക്കപ്പെട്ടവർ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, അവിവാഹിതർ, അവിവാഹിതരായ അമ്മമാർ എന്നീ വിഭാഗം സ്ത്രീകൾക്ക് പുതിയ ഒരു സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും ഇതിനായി "2230-02-101-91"(plan) ഹെഡ് ഓഫ് അക്കൗണ്ടിൽ 80,00,000/- രൂപ (എൺപതു ലക്ഷം രൂപ) വകയിരുത്തുകയും ചെയ്തിരുന്നു. അതനുസരിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ ഇവർക്കായി ഒരു സ്വയംതൊഴിൽ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു.

2. മേൽ പദ്ധതി സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവിനോടനുബന്ധമായി ചേർത്തിരിക്കുന്ന കേരളത്തിൽ വിവിധ രീതിയിൽ അവശത അനുഭവിക്കുന്ന സ്ത്രീകൾക്കായി **"ശരണ്യ"** എന്ന പദ്ധതി നടപ്പിലാക്കുന്നതിന് താഴെച്ചേർക്കുന്ന നിബന്ധനകൾക്കു വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പദ്ധതി നടത്തിപ്പിനുള്ള ഭരണ ചെലവ് 7 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.
2. പദ്ധതിയുടെ നടത്തിപ്പ് എംപ്ലോയ്മെന്റ് വകുപ്പിലെ ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ട് നടത്തേണ്ടതാണ്.

3. 2010-11 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് “2230-02-101-91” (പ്ലാൻ) ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തിട്ടുള്ള 80,00,000/- രൂപ (എൺപത് ലക്ഷം രൂപ) യിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ.ബി. വൽസലകുമാരി**

**സെക്രട്ടറി**

**<u>മേലെഴുത്ത് നമ്പർ യൂ1-10110/10/ഡിഇ</u>** **<u>തീയതി : 27-07-2010</u>**

പകർപ്പ് എല്ലാ സബ് ഓഫീസുകൾക്കും എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ എല്ലാ യൂണിറ്റ് ഓഫീസർമാർക്കും സെക്ഷൻ ഓഫീസർമാർക്കും അറിവിലേക്കും അനന്തര നടപടികൾക്കുമായി.

**എംപ്ലോയ്മെന്റ് ഡയറക്ടർക്കുവേണ്ടി**

**<u>അനുബന്ധം</u>**

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത വിധവകൾക്കും നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകൾക്കും ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്ത സ്ത്രീകൾക്കും അവിവാഹിതകൾക്കും പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മ മാർക്കും വേണ്ടിയുള്ള സ്വയംതൊഴിൽ സഹായ ചട്ടങ്ങൾ. അശരണരായ വനിത കൾക്കുവേണ്ടിയുള്ള ഈ സ്വയംതൊഴിൽ പദ്ധതി **‘ശരണ്യ‘** എന്ന പേരിലായിരിക്കും അറിയപ്പെടുക.

1. **<u>ശീർഷകം-വ്യാപ്തി-ബാധകം</u>**

(എ) ഈ ചട്ടങ്ങളെ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത വിധവകൾക്കും നിയമാനുസൃതം വിവാഹമോചനം നേടിയ സ്ത്രീകൾക്കും ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്ത സ്ത്രീകൾക്കും അവിവാഹിതകൾക്കും പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർക്കും വേണ്ടിയുള്ള സ്വയംതൊഴിൽ സഹായ ചട്ടങ്ങൾ എന്നു വിളിക്കാം.

(ബി) ഈ ചട്ടങ്ങൾ കേരള സംസ്ഥാനത്ത് മുഴുവൻ ബാധകമായിരിക്കും.

(സി) ചട്ടങ്ങൾ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതാണ്.

## 2. അർഹത

താഴെപ്പറയുന്ന നിബന്ധനകൾ പാലിക്കുന്ന വനിതകൾക്ക് ഈ ചട്ടങ്ങൾ പ്രകാരം, സാമ്പത്തിക സഹായത്തിനും, സബ്സിഡിക്കും അർഹതയുണ്ട്.

1) കേരളത്തിലെ ഏതെങ്കിലും ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിലുള്ളയാളായിരിക്കണം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ രജിസ്റ്റർ ചെയ്ത ശേഷം അപേക്ഷ നൽകാവുന്നതാണ്.

2) വാർഷിക കുടുംബ വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടുള്ളതല്ല.

3) 'വിധവകൾ' എന്നതു കൊണ്ടുദ്ദേശിക്കുന്നത് ഭർത്താവ് മരിച്ചു പോയ സ്ത്രീകളെയാണ്. അപേക്ഷിക്കുന്ന തീയതിയിൽ ഇവർ പുനർവിവാഹം ചെയ്തിട്ടുണ്ടാകരുത്. ഇതു തെളിയിക്കുന്ന വില്ലേജ് ഓഫീസറിൽ കുറയാത്ത റവന്യൂ വകുപ്പ് അധികാരിയുടേയോ/തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ ചെയർമാൻ/മേയർ ഇവരിലാരുടെയെ ങ്കിലുമോ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

4) 'നിയമാനുസൃതം വിവാഹ ബന്ധം വേർപ്പെടുത്തിയവർ' എന്നതു കൊണ്ടുദ്ദേശിക്കുന്നത് കോടതി മുഖാന്തിരമോ സാമുദായിക സംഘടന മുഖാന്തിരമോ വിവാഹ ബന്ധം വേർപ്പെടുത്തിയവരെയാണ്. ഇവർ അപേക്ഷിക്കുന്ന തീയതിയിൽ പുനർവിവാഹം ചെയ്തിട്ടില്ലെന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

5) 'ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ' എന്നതു കൊണ്ടുദ്ദേശിക്കുന്നത് കഴിഞ്ഞ ഏഴുവർഷമായി ഭർത്താവിനെ കാണാനില്ല എന്നും അപേക്ഷക പുനർവിവാഹം ചെയ്തിട്ടില്ലായെന്നും സ്ഥലം തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നവരെയാണ്.

6) 'അവിവാഹിത' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത് അപേക്ഷ സമർപ്പിക്കുന്ന സാമ്പത്തിക വർഷത്തിലെ ഏപ്രിൽ ഒന്നാം തീയതി 30 വയസ് പൂർത്തിയായവരെയാണ്. വയസ് തെളിയിക്കുന്നതിന് ജനന സർട്ടിഫിക്കറ്റ്, എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ്, ഇവയും അവിവാഹിതയാണെന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ട താണ്. മറ്റ് വ്യവസ്ഥകൾ തുല്യമാണെങ്കിൽ പ്രായം കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

7) പട്ടിക വർഗത്തിലെ അവിവാഹിതരായ അമ്മമാർ എന്ന് സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളത് വിവാഹിതരാകാതെ അമ്മമാരായി തീർന്നിട്ടുള്ള പട്ടികവർഗത്തിൽപ്പെട്ട യുവതികളെയാണ്. ഇക്കാര്യം വില്ലേജ് ഓഫീസറിൽ

കുറയാത്ത റവന്യൂ അധികാരി സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപേക്ഷകയുടെ സമുദായവും ബന്ധപ്പെട്ട റവന്യൂ വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകേണ്ടതാണ്.

8) അപേക്ഷകയുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും മദ്ധ്യേ ആയിരിക്കണം.

9) പ്രൊഫഷണൽ/സാങ്കേതിക യോഗ്യതയുള്ളവർക്ക് മുൻഗണന നൽകുന്നതാണ്. കൂടാതെ സംസ്ഥാന വ്യാവസായിക പരിശീലനവകുപ്പ് സ്കിൽ ഡെവലപ്പ്മെന്റ് ഇനിഷ്യേറ്റീവ്സ് പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റ്, Skill Competency Certificate, Job Card, ഇവ കരസ്ഥമാക്കിയിട്ടുള്ളവർക്കും സംസ്ഥാനത്തെ ഐ.റ്റി.ഐ/ഐ.റ്റി.സി എന്നിവകളിൽ നിന്ന് വിവിധ ട്രെയ്ഡുകളിൽ പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് കരസ്ഥമായിട്ടുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.

10) ഈ ചട്ടങ്ങളനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിതവേതനം ലഭിക്കുന്നതല്ല.

11) ഈ പദ്ധതിപ്രകാരം ധനസഹായം അനുവദിക്കപ്പെട്ടവരുടെ രജിസ്ട്രേഷൻ കാർഡ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലൈവ് രജിസ്റ്ററിൽ തന്നെ സൂക്ഷിക്കുന്നതാണെങ്കിലും അത്തരക്കാരെ താൽക്കാലിക ഒഴിവുകളിലേക്കു പരിഗണിക്കുന്നതല്ല. എന്നാൽ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം ഒഴിവുകൾക്ക് അവർ ആഗ്രഹിക്കുന്ന പക്ഷം അവരെ പരിഗണിക്കുന്നതും നിയമനം ലഭിക്കുകയാണെങ്കിൽ അവർ ഈ പദ്ധതി പ്രകാരം എടുത്തിട്ടുള്ള വായ്പാ തുക പൂർണ്ണമായും അടച്ചുതീർക്കേണ്ടതാണ്.

3) <u>മൊത്തത്തിലുള്ള നിയന്ത്രണം</u>

ഈ പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണചുമതല സംസ്ഥാന സർക്കാരിന്റെ എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. കാലകാലങ്ങളിൽ ഇതിന്റെ സുഗമമായ നടത്തിപ്പിന് ആവശ്യമായനിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എംപ്ലോയ്മെന്റ് ഡയറക്ടർ നൽകുന്നതും ആവശ്യമായ റിപ്പോർട്ടുകളും വിവരങ്ങളും വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് ബജറ്റിൽ അനുവദിച്ച തുക ലോൺ, സബ്സിഡി, പരിശീലനം, പദ്ധതി നടത്തിപ്പിനുള്ള ചെലവുകൾ എന്നിവയ്ക്ക് ആവശ്യാനുസരണം വിതരണം ചെയ്യുന്നതും സാമ്പത്തിക വർഷാവസാനം അവശേഷിക്കുന്ന തുക സർക്കാരിലേക്ക് സറണ്ടർ ചെയ്യുന്നതുമാണ്. ഇക്കാര്യത്തിന് എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിലെ ഡെപ്യൂട്ടി ഡയറക്ടർ, ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ, സ്വയം തൊഴിൽ പദ്ധതിയുടെ ഉദ്യോഗസ്ഥർ എന്നിവർ അദ്ദേഹത്തെ സഹായിക്കുന്നതുമാണ്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഡിമാന്റ് ഡ്രാഫ്റ്റ് ആയിട്ടാണ് വായ്പ നൽകുന്നത്.

4) <u>പദ്ധതി നടപ്പാക്കുന്നവിധം</u>

പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. പദ്ധതിയ്ക്ക് അർഹതയുള്ള അപേക്ഷകർ ഭർത്താവു മരണപ്പെടുന്നതോടുകൂടി അല്ലെങ്കിൽ ഭർത്താവിനാൽ ഉപേക്ഷിക്കപ്പെടുന്നതോടുകൂടി/ഭർത്താവിനെ കാണാതാകുന്നതോടുകൂടി പറക്കമുറ്റാത്ത പിഞ്ചു കുഞ്ഞുങ്ങളേയും വൃദ്ധരായ മാതാപിതാക്കളേയും സംരക്ഷിക്കേണ്ടിവരുന്ന പാവപ്പെട്ട കുടുംബിനികളെ സഹായിക്കാൻകൂടി ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഭർത്താവിന്റെ മരണത്തിനു ശേഷം, തന്നെ ആശ്രയിച്ചു ജീവിക്കുന്നവർക്ക് അത്താണിയായി മാറാൻ ഒരു തൊഴിലന്വേഷിച്ചു പരക്കം പായുമ്പോൾ സീനിയോറിട്ടി കുറവായതിനാൽ അവരെ നാമനിർദ്ദേശം ചെയ്യപ്പെടാനാകാതെ വരുന്നു. അങ്ങനെയുള്ള വനിതകളെ കണ്ടെത്തി സ്വയം തൊഴിൽ തുടങ്ങാനുള്ള അവരുടെ സമ്മതം ആരായുകയും സ്വയം തൊഴിൽ ചെയ്യാൻ അവർ പ്രാപ്തയാണോ എന്ന് പരിശോധിക്കുകയും ചെയ്യും. അവർ തുടങ്ങുവാൻ ഉദ്ദേശിക്കുന്ന പ്രോജക്ടിന്റെ സാങ്കേതിക വൈദഗ്ദ്ധ്യം, അഭിരുചി, സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അവർക്കുള്ള കഴിവ് എന്നിവ പരിശോധിച്ച് അപേക്ഷ എഴുതി തയ്യാറാക്കുകയും വരുമാനത്തെയും ജാതിയെയും സംബന്ധിച്ച റവന്യൂ വകുപ്പ് അധികാരിയുടെ സർട്ടിഫിക്കറ്റ് വാങ്ങി വരുവാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. അപേക്ഷ ലഭിച്ചു കഴിഞ്ഞാൽ അവ രജിസ്ട്രേഷൻ റിക്കാർഡുകളുടെ അടിസ്ഥാനത്തിലുള്ള പ്രാഥമിക പരിശോധനയ്ക്കു ശേഷം ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേയ്ക്ക് പ്രത്യേക ദൂതൻ മുഖാന്തിരം നൽകുന്നു. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റു രസീതു നൽകുന്നതാണ്. ചുരുങ്ങിയത് 5 അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ ജില്ലാ കളക്ടറുടെ സൗകര്യാർത്ഥം പദ്ധതിയ്ക്കായി രൂപീകൃതമായ ജില്ലാ കമ്മറ്റി വിളിച്ചു ചേർക്കുന്നതും, ജില്ലാ കമ്മറ്റി ഉദ്യോഗാർത്ഥിയെ കൂടിക്കാഴ്ചക്കു വിളിച്ച് അപേക്ഷകളിൽ തീർപ്പു കൽപ്പിക്കുന്നതുമാണ്. ഉദ്യോഗാർത്ഥിക്കു വായ്പ അനുവദിക്കുന്നതും, എത്ര തുക അനുവദിക്കണമെന്നുമുള്ള തീരുമാനം പദ്ധതിയ്ക്കായുള്ള ജില്ലാ കമ്മറ്റിയുടേതാണ്. പ്രസ്തുത ജില്ലാ കമ്മറ്റിയുടെ തീരുമാനം അന്തിമമായിരിക്കുന്നതാണ്. ജില്ലാ കമ്മറ്റി നിരസിക്കുന്ന അപേക്ഷകർക്ക് നിരസന മെമ്മോ നൽകുന്നതാണ്. അപേക്ഷ നിരസിക്കപ്പെട്ടവർക്ക് പ്രോജക്ട് മാറ്റിയോ, പുതിയതായോ വീണ്ടും അപേക്ഷ നൽകാവുന്നതാണ്. പദ്ധതിയ്ക്കായുള്ള ജില്ലാ കമ്മറ്റിയുടെ തീരുമാനത്തെ സർക്കാരിനു മാത്രമേ പുനർവിചിന്തനം ചെയ്യാനാകു.

5) <u>ഓരോ യൂണിറ്റിന്റേയും ഘടന</u>

വ്യക്തിഗത സംരംഭങ്ങൾക്കാണ് പദ്ധതി മുഖാന്തരം പ്രാധാന്യം. എന്നാൽ ഒന്നിലധികം അപേക്ഷകർ ചേർന്ന് സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്.

ഓരോ വ്യക്തിക്കും പരമാവധി വായ്പക്കും സബ്സിഡിക്കും അർഹതയുണ്ടായിരിക്കുന്നതാണ്.

6) **സാമ്പത്തിക വിശകലനം**:

സമൂഹത്തിന്റെ മുഖ്യധാരയിൽ ഉൾപ്പെടാത്തവരും, സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിടുന്നവരുമായ വനിതകൾക്ക് വായ്പ നൽകാൻ ധനകാര്യ സ്ഥാപനങ്ങൾ തയ്യാറാകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ഇവർക്കു വായ്പാ തുകയും സബ്സിഡിയും ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുകയിൽ നിന്നും വകുപ്പു നേരിട്ടു നൽകുന്നതാണ്. അശരണരായ വനിതകളെ പുനരധിവസിപ്പിക്കുവാനുള്ള ഒരു പദ്ധതി എന്ന നിലയിൽ ആണ് ഈ പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് സർക്കാർ മുമ്പാകെ അവതരിപ്പിക്കുന്നത്.

(എ) **വായ്പാതുക**: ഒരു വ്യക്തിക്ക് പരമാവധി 50,000/- (അൻപതിനായിരം) രൂപ വരെയാണ് സാധരണഗതിയിൽ വായ്പ അനുവദിക്കുന്നത്. എന്നാൽ പ്രോജക്ട് നോക്കി ഒഴിച്ചു കൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്.

(ബി) **സബ്സിഡി**: വായ്പതുകയുടെ 50%, പരമാവധി 25,000/- (ഇരുപത്തയ്യായിരം) രൂപ വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്.

(സി)**ഗുണഭോക്തൃവിഹിതം**: 50,000/- രൂപയിൽ കൂടുതൽ വായ്പ ആവശ്യമുള്ളവർ 50,000/- രൂപയ്ക്കു മേലുള്ള തുകയുടെ 10% ഗുണഭോക്തൃ വിഹിതമായി എടുക്കേണ്ടതാണ്. 50,000/- രൂപ വരെ വായ്പയ്ക്ക് ഗുണഭോക്തൃ വിഹിതം എടുക്കേണ്ടതില്ല.

(ഡി) **പദ്ധതി ചെലവ്:** ബഡ്ജറ്റിൽ പദ്ധതിക്കായി നീക്കി വെച്ച തുകയുടെ 7% ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, പദ്ധതിയുടെ പ്രചരണം, പ്രിന്റിംഗ്, സ്റ്റേഷനറി, പദ്ധതിയുടെ ജില്ലാ കമ്മറ്റി കൂടുമ്പോഴുണ്ടാകുന്ന ചെലവ് എന്നിവയ്ക്കായി വിനിയോഗിക്കാവുന്നതാണ്.

(ഇ) **പലിശ**: 50,000 രൂപ വരെയുള്ള തുകയ്ക്ക് പലിശ രഹിത വായ്പയാണ് ഉദ്ദേശിക്കുന്നത്. 50,000 രൂപയ്ക്ക് മേൽ വായ്പ ആവശ്യമുള്ള ഗുണഭോക്താക്കൾ 3% പലിശ (ഫ്ളാറ്റ് നിരക്കിൽ) 50,000 രൂപയ്ക്കു മേലുള്ള സംഖ്യയ്ക്ക് അടക്കേണ്ടതാണ്.

(എഫ്) **തിരിച്ചടവ്:** 50,000 രൂപ വരെ വായ്പയെടുത്തവർ 420/– രൂപ വീതം ഓരോ മാസവും തിരിച്ചടക്കേണ്ടതാണ്. 60 മാസമാണ് വായ്പാ തിരിച്ചടവിന്റെ കാലാവധി. ഒരു ലക്ഷം രൂപ വായ്പയെടുത്ത വ്യക്തി ഒരു മാസം

1,375 രൂപ തിരിച്ചടക്കണം. (അതായത് 50000 x 3/100 x 5 = 7,500/- രൂപ (പലിശ); തിരിച്ചടയ്ക്കേണ്ടത് 50,000 + 7,500 + 25,000 = 82,500 പ്രതിമാസം അടയ്ക്കേണ്ട തുക 82,500/60 = 1,375). വായ്പതുക ഓരോ മാസവും ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലാണ് തിരിച്ചടക്കേണ്ടത്. തിരിച്ചടവ് ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സ്വീകരിക്കുകയും അവർക്ക് TR.5 രസീതു നൽകുകയും ചെയ്യുന്നു. ഓരോ ദിവസവും അടവു വരുന്ന തുക പിറ്റേ ദിവസം ട്രഷറിയിൽ ചെലാൻ സഹിതം ഒടുക്കുന്നു. ഇതിന് അംഗങ്ങൾക്ക് പാസ്ബുക്ക്, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലെഡ്ജർ ഫോളിയോ എന്നിവ കൂടി സൂക്ഷിക്കേണ്ടതാണ്.

ജി) **വീഴ്ച വരുത്തുന്നവർ:** തിരിച്ചടവിൽ തുടർച്ചയായി മൂന്നു ഗഡുക്കൾ വീഴ്ച വരുത്തിയാൽ രണ്ട് പ്രാവശ്യം ഓർമക്കുറിപ്പ് നൽകുന്നതും (അതിന് മറുപടി നൽകുന്നില്ലെങ്കിൽ) റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതുമാണ്. പദ്ധതിയ്ക്കായി നൽകിയ തുക ദുർവിനിയോഗം ചെയ്യുന്നതായി ബോദ്ധ്യപ്പെട്ടാൽ സബ്സിഡി ഉൾപ്പെടെയുള്ള തുക ഈടാക്കുന്നതാണ്. എന്നാൽ വീഴ്ച വരുത്തുന്നതിന് മതിയായ കാരണങ്ങളുണ്ടെങ്കിൽ വായ്പാതുകയ്ക്ക് മാത്രം നടപടി സ്വീകരിച്ചാൽ മതിയാകും.

എച്ച്) **സേവന/വിപണന മേഖലകൾക്കു പ്രാധാന്യം:** വിപണനം കടുത്ത മൽസരമുള്ള മേഖലയാകയാൽ തുടങ്ങുന്ന സ്വയംതൊഴിൽ സംരംഭങ്ങൾ സേവന/വാണിജ്യ മേഖലയിലാകുന്നതാണ് ഉത്തമം.

ഐ) **പ്രവർത്തന മൂലധനത്തിനു പ്രാധാന്യം:** പ്രവർത്തന മൂലധനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള പ്രൊജക്ടുകൾക്ക് മുൻഗണന നൽകുന്നതാണ്.

ജെ) **വരവുചെലവു കണക്കുകൾ**: ഓരോ യൂണിറ്റും വരവു ചിലവു കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ നിരന്തരം പദ്ധതി അവലോകനം ചെയ്ത് വേണ്ട മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്.

**7)പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള സംസ്ഥാന കമ്മറ്റിയും ജില്ലാ കമ്മറ്റിയും**

1) പദ്ധതി നടത്തിപ്പ് സംസ്ഥാന ആസൂത്രണ ബോർഡ് വിലയിരുത്തുന്നതാണ്. കൂടാതെ പദ്ധതിയുടെ മോണിറ്ററിംഗിനു വേണ്ടി ഒരു സംസ്ഥാനതല കമ്മറ്റിയും ജില്ലകൾ തോറും ജില്ലാ തല കമ്മിറ്റികളും രൂപീകരിക്കുന്നതുമാണ്. പദ്ധതിയുടെ നടത്തിപ്പ് പരിശോധിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും വേണ്ടി രൂപീകൃതമാകുന്ന സംസ്ഥാനതല, ജില്ലാതല, കമ്മറ്റികളുടെ ഘടന താഴെക്കൊടുക്കുന്നു.

**<u>സംസ്ഥാനതല കമ്മറ്റി</u>**

| | |
|---|---|
| പ്ളാനിങ്ങ് ബോർഡ് മെമ്പർ | – ചെയർമാൻ |
| തൊഴിലും പുരധിവാസവും വകുപ്പ് സെക്രട്ടറി | – മെമ്പർ |
| സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്രതിനിധി | – മെമ്പർ |
| ധനകാര്യവകുപ്പിന്റെ പ്രതിനിധി | – മെമ്പർ |
| കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ | – മെമ്പർ |
| വ്യവസായ പരിശീലന വകുപ്പിന്റെ പ്രതിനിധി | – മെമ്പർ |
| വനിതാ വികസന കോർപ്പറേഷൻ ചെയർമാൻ | – മെമ്പർ |
| എംപ്ലോയ്മെന്റ് ഡയറക്ടർ | – കൺവീനർ |

**<u>ജില്ലാ തല കമ്മറ്റി</u>**

| | |
|---|---|
| ജില്ലാ കളക്ടർ | – ചെയർമാൻ |
| ജില്ലാ സാമൂഹികക്ഷേമ ഓഫീസർ | – മെമ്പർ |
| കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ | – മെമ്പർ |
| ഐ.റ്റി.ഐ.പ്രിൻസിപ്പാൾ | – മെമ്പർ |
| ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം | – മെമ്പർ |
| ജില്ലാ ഇൻഫർമേഷൻ ഓഫീസർ | – മെമ്പർ |
| സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ | – മെമ്പർ |
| ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ | – കൺവീനർ |

2) ഈ പദ്ധതി നടപ്പിലാക്കുന്ന ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് അപേക്ഷകർ അനുയോജ്യരാണോ എന്നും അവർ സമർപ്പിച്ചിട്ടുള്ള പ്രോജക്ട് നടപ്പിലാക്കാൻ സാധ്യമാണോ എന്ന് കമ്മറ്റി പരിശോധിക്കുന്നതും ആവശ്യമെങ്കിൽ പ്രോജക്ടിൽ ഭേദഗതി ശുപാർശ ചെയ്യുന്നതുമാണ്. അംഗങ്ങളുടെ സംരഭകത്വശേഷി, പ്രോജക്ടിന്റെ വിജയ സാധ്യത, അംഗങ്ങളുടെ വായ്പ തിരിച്ചടക്കുവാനുള്ള കഴിവ്, സഹായം ആവശ്യമാണോ എന്ന കാര്യങ്ങളെക്കുറിച്ച് യുക്തമായ തീരുമാനം കമ്മറ്റി എടുക്കുന്നതായിരിക്കും. അപേക്ഷ സ്വീകാര്യമല്ലെങ്കിൽ അപേക്ഷകർക്ക് നിരസന മെമ്മോ നൽകുന്നതുമായിരിക്കും. കമ്മറ്റി തീരുമാനം അന്തിമമായിരിക്കും. ഈ പദ്ധതിയെ സംബന്ധിച്ച് എല്ലാ കാര്യങ്ങളിലും സംസ്ഥാന സർക്കാരിന് ഉപദേശം നൽകുന്നതും ആവശ്യമായ ഭേദഗതി നിർദ്ദേശിക്കുന്നതുമാണ് സംസ്ഥാന തല കമ്മറ്റിയുടെ ചുമതലകൾ. ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കും.

**8) മോണിറ്ററിംഗ്**

എംപ്ലോയ്മെന്റ് വകുപ്പു മുഖാന്തരം മുഴുവനായി നടപ്പിലാക്കുന്ന പദ്ധതി എന്ന നിലയിൽ മോണിറ്ററിംഗിനു വലിയ പ്രാധാന്യമുണ്ട്. മൾട്ടി പർപ്പസ് ജോബ് ക്ളബ് പദ്ധതി നടപ്പിലാക്കുന്ന സർവ്വീസ് സെന്ററുകൾ മുഖാന്തരമാണ് ഈ പദ്ധതിയും നടപ്പിലാക്കേണ്ടത്. അപേക്ഷകരെ കണ്ടെത്തുക, അവർക്ക് അനുയോജ്യമായ പ്രൊജക്ടുകൾ തയ്യാറാക്കുക, അവർ ഈ സംരംഭം നടത്തിക്കൊണ്ടു പോകാൻ യോഗ്യരാണെന്നുറപ്പു വരുത്തുക, യൂണിറ്റ് തുടങ്ങാൻ പോകുന്ന സ്ഥലവും യൂണിറ്റ് തുടങ്ങിക്കഴിഞ്ഞും അതു സന്ദർശിച്ച് അതിന്റെ നിലനിൽപ്പ് ഉറപ്പു വരുത്തുക, ഒരു യൂണിറ്റിന് ഒരു ഫയൽ സൂക്ഷിക്കുക, യൂണിറ്റിന് വായ്പക്കു ശിപാർശ ചെയ്യുക, വായ്പ നൽകിയാൽ അത് നൽകിയ കാര്യത്തിനാണ് ഉപയോഗിക്കുന്നത് എന്നുറപ്പു വരുത്തുക, ഒരു യൂണിറ്റിന് ഒരു രജിസ്റ്റർ തയ്യാറാക്കി അതിൽ വായ്പാ തിരിച്ചടവുൾപ്പെടെയുള്ള കാര്യങ്ങൾ രേഖപ്പെടുത്തുക, തിരിച്ചടവു കൈപ്പറ്റുക, അതിന് TR.5 നൽകുക, എല്ലാവരുടേയും തിരിച്ചടവ് ഉറപ്പുവരുത്തുക, വായ്പാ തിരിച്ചടവ് പിറ്റേ ദിവസം തന്നെ സർക്കാരിലേയ്ക്കു തിരിച്ചടയ്ക്കുക, യൂണിറ്റിന്റെ പ്രവർത്തനം സശ്രദ്ധം നിരീക്ഷിക്കുക, വീഴ്ചകളുണ്ടെങ്കിൽ പരിഹരിക്കുക, തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ഓർമ്മക്കുറിപ്പുകളയയ്ക്കുക, അതും പരാജയപ്പെട്ടാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക തുടങ്ങിയ ചുമതലകൾ സർവ്വീസ് സെന്ററിൽ നിക്ഷിപ്തമാണ്.

9) **സംസ്ഥാനതല അവാർഡ്**

ഓരോ ജില്ലയിലേയും പദ്ധതി പ്രകാരം ആരംഭിക്കുന്ന യൂണിറ്റു ക ളുടെ എണ്ണവും അവയുടെ പ്രവർത്തനവും വിലയിരുത്തി ഏറ്റവും നല്ല സേവന കേന്ദ്രത്തിനും ബന്ധപ്പെട്ട ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനും അതിൽ സെൽഫ് എംപ്ലോയ്മെന്റ് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർക്കും അവാർഡു നൽകുന്ന ഒരു പദ്ധതിക്കും രൂപം നൽകുന്നതാണ്. ഇതിനുള്ള ചിലവും പദ്ധതി ചിലവിൽ ഉൾപ്പെടുത്തുന്നതാണ്.

10. **പരിശീലനം**

സംരഭകർക്കും പദ്ധതിയ്ക്ക് മേൽനോട്ടം വഹിക്കുന്ന ഉദ്യോ ഗസ്ഥർക്കും അനുയോജ്യമായ പരിശീലന പരിപാടി എംപ്ലോയ്മെന്റ് ഡയറക്ടർ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

11) **പദ്ധതി പ്രകാരം ആരംഭിക്കാവുന്ന സംരംഭങ്ങൾ.**

പദ്ധതിപ്രകാരം ഏറ്റെടുക്കാവുന്ന ചില പദ്ധതികളുടെ പട്ടിക ചുവടെ കൊടുക്കുന്നു.

| | | | |
|---|---|---|---|
| 1 | പാട്ടക്കൃഷി | 2 | പ്രൊവിഷൻ സ്റ്റോർ |
| 3 | സ്റ്റേഷനറി | 4 | ബ്യൂട്ടിപാർലർ |
| 5 | റെഡിമെയ്ഡ് ഷോപ്പ് | 6 | പശുവളർത്തൽ |
| 7 | തേനീച്ച വളർത്തൽ | 8 | കോഴി വളർത്തൽ |
| 9 | മുയൽ വളർത്തൽ | 10 | പന്നി വളർത്തൽ |
| 11 | പട്ടുനൂൽ പുഴു കൃഷി | 12 | ആടു വളർത്തൽ |
| 13 | തയ്യൽക്കട | 14 | എംബ്രോയ്ഡറി |
| 15 | പെറ്റ്ഷോപ്പ് | 16 | കൂൺ കൃഷി |
| 17 | ഡി.റ്റി.പി. സെന്റർ | 18 | ട്യൂഷൻ സെന്റർ |
| 19 | ന്യൂട്രിമിക്സ് നിർമ്മാണം | 20 | സോപ്പ്,ഡിറ്റർജന്റ് നിർമ്മാണം |
| 21 | മാങ്ങാ/പുളിശേഖരണം (സീസണിൽ) | 22 | നെല്ല്സംഭരണം(സീസണിൽ) |

| | | | |
|---|---|---|---|
| 23 | കാലിചാക്ക് കച്ചവടം | 24 | സ്വർണപ്പണി |
| 25 | കാറ്ററിംഗ് | 26 | ഇളനീർ പാർലർ |
| 27 | തട്ടുകട | 28 | നാടൻ പലഹാര നിർമ്മാണം |
| 29 | ആയൂർവേദ സസ്യകൃഷി | 30 | മെഡിക്കൽ ഷോപ്പ് |
| 31 | പച്ചക്കറി | 32 | വനിതാ ഓട്ടോറിക്ഷ |
| 33 | ശർക്കര നിർമാണം | 34 | പാൽഉൽപ്പന്നങ്ങളുടെ നിർമ്മാണം |
| 35 | ക്ളിനിക്കൽ ലാബറട്ടറി | 36 | ചിപ്പ്സ് നിർമ്മാണം |
| 37 | കമുകിന്റെ പാള കൊണ്ട് പ്ളെയിറ്റ് തുടങ്ങിയവ | 38 | മുള കൊണ്ട് കരകൗശല വസ്തുക്കൾ |
| 39 | കസേര, പന്തൽ സാമഗ്രികൾ | 40 | ലോട്ടറിക്കച്ചവടം |
| 41 | കാട വളർത്തൽ | 42 | കൂൾബാർ/ബേക്കറി |
| 43 | നോട്ട്ബുക്ക് | 44 | ബാഗ് തിർമ്മാണം |
| 45 | കുട നിർമ്മാണം | 46 | നേഴ്സറി |
| 47 | ബുക്കു ബൈന്റിംഗ് | 48 | ഇന്റർനെറ്റ് കഫേ |
| 49 | വെളിച്ചെണ്ണ നിർമ്മാണം | 50 | പ്ളാസ്റ്റിക്ക് പൂവ്, ബൊക്കെ എന്നിവയുടെ നിർമ്മാണം |

ഇത് പൂർണ്ണമായ പട്ടികയല്ല. പ്രാദേശിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.